# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 1

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി

ബി.കോം അഡീഷണൽ ഇലക്ടീവ്/അഡീഷണൽ ഡിഗ്രി (2012-2014 അഡ്മിഷൻ സ്പെഷൽ മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 18 വരെയും 500 രൂപ പിഴയോടെ 20 വരെയും 1000 രൂപ സൂപ്പർഫൈനോടെ 22 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ സ്പെഷൽ ഫീസായി 5000 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. ഓരോ സെമസ്റ്ററിനും പ്രത്യേകം അപേക്ഷകളും ഫീസടച്ചതിന്റെ ഇ-രസീതും മാർക്ക് ലിസ്റ്റുകളുടെ പകർപ്പുകളും സമർപ്പിക്കണം. അപേക്ഷഫോറം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. epay.mgu.ac.in എന്ന വെബ്സൈറ്റ് വഴിയാണ് ഫീസടയ്ക്കേണ്ടത്. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/422/2019)

## ഉത്തരക്കടലാസ് മൂല്യനിർണയം

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. നവംബർ 2018 പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണയം എട്ട് മേഖലാ കേന്ദ്രങ്ങളിൽ കേന്ദ്രീകൃത മൂല്യനിർണയ രീതിയിൽ നടക്കും. മാർച്ച് ഏഴ് മുതൽ എട്ട് മേഖലാ ക്യാമ്പുകളിലാണ് മൂല്യനിർണയം നടക്കുന്നത്. മൂന്നാം സെമസ്റ്റർ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും തങ്ങളുടെ മേഖലകളിലെ മൂല്യനിർണയ കേന്ദ്രങ്ങളുമായി ബന്ധപ്പെടണം. പാലാ അൽഫോൻസാ കോളേജ് (9447362420), കോട്ടയം ബി.സി.എം കോളേജ് (9495048781), ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ് (9495710378), തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജ് (9946554827), കോഴഞ്ചേരി സെന്റ് തോമസ് കോളേജ് (9287562203), ആലുവ യു.സി. കോളേജ് (9995537337), മൂവാറ്റുപുഴ നിർമല കോളേജ് (9447384554), ലബ്ബക്കട ജെ.പി.എം. ബി.എഡ്. കോളേജ് (9447266980) എന്നിവയാണ് എട്ട് മേഖലാ കേന്ദ്രങ്ങൾ.

(പി.ആർ.ഒ./39/423/2019)

## പരീക്ഷഫലം

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം (റഗുലർ, ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/424/2019)

2018 നവംബറിൽ നടന്ന നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ്/മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് മെഡിക്കൽ ഡോക്യുമെന്റേഷൻ റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/425/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.ബി.എ. ഓഫ് കാമ്പസ് (സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി, പ്രീ സി.ബി.സി.എസ്.എസ്. മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/426/2019)

## ജനാധിപത്യവും സ്വാതന്ത്ര്യവും സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നിർണായകം - അമൃത്‌ലാൽ

ജനാധിപത്യവും സ്വാതന്ത്ര്യവും സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നിർണായകമാണെന്ന് ദി ഇന്ത്യൻ എക്സ്പ്രസ്സ് സീനിയർ അസോസിയേറ്റ് എഡിറ്റർ അമൃത് ലാൽ പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കേരളപഠന കോൺഫറൻസിന്റെ ഭാഗമായി 'എം. ഗോവിന്ദൻ: ജനാധിപത്യത്തിൽ ഒരു ജീവിതം' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം.

കോൺഫറൻസിന്റെ ഭാഗമായി ഗാന്ധിയും കേരളത്തിലെ ദേശീയ പ്രസ്ഥാനവും, മാറുന്ന ലിംഗവ്യവഹാരം കേരള ചരിത്രം സമുദായങ്ങളും സാംസ്കാരിക ഇടങ്ങളും, നവ സാമൂഹ്യ പ്രസ്ഥാനങ്ങൾ, കല, മാധ്യമം സംസ്കാരം എന്നീ വിഷയങ്ങളിൽ ഡോ. റ്റി. മുരളീധരൻ, ഡോ. സണ്ണി എം. കപിക്കാട്, പ്രൊഫ. കെ.എസ്. മാത്യു, പ്രൊഫ. കെ.എം. ഷീബ, ഡോ. മാത്യു ജോസഫ് തുടങ്ങിയവർ സംസാരിച്ചു. കേരള ചരിത്ര ഗവേഷണ കൗൺസിൽ ഡയറക്ടർ പ്രൊഫ. സനൽ മോഹൻ സമാപന പ്രഭാഷണം നടത്തി.

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കേരളപഠന കോൺഫറൻസിൽ ദി ഇന്ത്യൻ എക്സ്പ്രസ്സ് സീനിയർ അസോസിയേറ്റ് അമൃത് ലാൽ പ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ./39/427/2019)

**സജീവ് പി.കെ.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)